# പത്രക്കുറിപ്പ് (30/04/17)

1. അതിരമ്പുഴ വില്ലേജിൽ, മാന്നാനം കരയിൽ അമലഗിരി കോളേജിനു കിഴക്കുവശം പലചരക്ക് കട നടത്തുന്ന നിരപ്പേൽപറമ്പിൽ വീട്ടിൽ, വേലായുധൻ മകൻ 53 വയസ്സുള്ള പ്രകാശൻ ടിയാളുടെ കടയിൽ സാധനം വാങ്ങാൻ ചെന്ന സമീപ വാസിയായ 9 വയസ്സുള്ള ആൺകുട്ടിയെ കടക്കുള്ളിൽ വച്ച് കഠിന ലൈംഗിക അതിക്രമം ചെയ്തതിനു പ്രതി പ്രകാശനെ ഗാന്ധിനഗർ എസ്.ഐ അറസ്റ്റ് ചെയ്തിട്ടുള്ളതും, ഏറ്റുമാനൂർ സി.ഐ. ടി കേസിന്റെ അന്വേഷണം നടത്തി വരുന്നതുമാണ് .

2. വയലാ കോട്ടയിൽ വീട്ടിൽ രാമൻ മകൻ രവീന്ദ്രന്റെ കണക്കഞ്ചേരിയിലുള്ള റബ്ബർ തോട്ടത്തിലെ ഷെഡിൽ നിന്നും 310 റബ്ബർ ഷീറ്റുകൾ മോഷണം ചെയ്തുകൊണ്ടു പോയതിന് ഞീഴൂർ വില്ലേജ്, ടി കരയിൽ ഭജനമഠം ഭാഗത്ത് ഉടുംമ്പള്ളിൽ വീട്ടീൽ ശിവദാസൻ മകൻ ഉണ്ണി എന്നു വിളിക്കുന്ന സുരേഷ് കുമാർ, Age 37- നെ കടുത്തുരുത്തി പോലീസ് അറസ്റ്റു ചെയ്തു. ടിയാൻ ഇതിനു മുമ്പും റബ്ബർ ഷീറ്റു മോഷണ കേസ്സുകളിലെ പ്രതിയും ആറുമാസം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ആളുമാണ്.



Sd/-(30/04/17)

കോട്ടയം ജില്ലാ പോലീസ് മേധാവിക്ക് വേണ്ടി